# മലങ്കര ശ്ലൈഹിക സിംഹാസനത്തിന്റെ മെത്രാപ്പോലീത്താ ഡോ. തിയഡോഷ്യസ് മാർത്തോമ്മായിൽ നിന്നും

**സർക്കുലർ നമ്പർ: 69**

*നമ്മുടെ അധികാരത്തിൽപ്പെട്ട സകല പള്ളികളുടെയും വികാരിമാരും, ദേശത്തു പട്ടക്കാരും, പള്ളിക്കൈക്കാരും, ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്‌വ്*

കർത്താവിൽ വാത്സല്യമുള്ളവരേ,

സാർവത്രിക തിരുസഭയുടെ ഭാഗമായ മലങ്കര മാർത്തോമ്മാ സുറിയാനി സഭയ്ക്കായും, സഭയുടെ അടിസ്ഥാന മൂല്യങ്ങൾക്കായും ദൈവത്തെ സ്തുതിക്കാം. നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ദൗത്യവുമായി വിശുദ്ധ തോമാശ്ലീഹാ ഭാരതത്തിൽ വന്നത് ഓർത്ത് സ്തോത്രം ചെയ്യുന്നതിനും സഭയ്ക്കുവേണ്ടി പ്രാർത്ഥിക്കുന്നതിനുമായി എല്ലാ വർഷവും ഡിസംബർ 21-ാം തീയതി സഭാ ദിനമായി നാം വേർതിരിച്ച് ആചരിച്ചുവരുന്നു. കഴിവതും എല്ലാ ഇടവകകളിലും അന്നേദിവസം വിശുദ്ധ കുർബാന ശുശ്രൂഷയും പ്രത്യേക ധ്യാനവും നടത്തണം. ഇടവകകൾ തനിയെയോ അടുത്തുള്ള ഇടവകകൾ ചേർന്നോ ആരാധന ക്രമീകരിക്കാവുന്നതാണ്.

"എന്റെ കർത്താവും എന്റെ ദൈവവുമേ" എന്ന് കർത്താവിന്റെ മുമ്പിൽ വിശ്വാസം ഏറ്റുപറഞ്ഞ വിശുദ്ധ തോമസ് അപ്പോസ്തലനെപ്പോലെ കർത്താവിൽ വിശ്വസിക്കുന്നതിനും ദൗത്യം നിർവ്വഹിക്കുന്നതിനും പരിപൂർണ്ണമായി സമർപ്പിക്കുവാൻ ദൈവം നമ്മെ സഹായിക്കട്ടെ.

മാർത്തോമ്മാ സഭയുടെ സ്വത്ത് സഭാംഗങ്ങളുടെ അചഞ്ചലമായ വിശ്വാസവും കണ്ണുനീരോടുകൂടിയ പ്രാർത്ഥനയുമാണ്. സഭയുടെ പുതുക്കത്തിനും, നവീകരണത്തിനും, ആത്മായ ഉണർവിനും ദൈവജനത്തിന്റെ വിശ്വാസത്തോടുകൂടിയ പ്രാർത്ഥന അനിവാര്യമാണ്. സഭയ്ക്ക് നാല് എപ്പിസ്കോപ്പാമാരെ കൂടി തെരഞ്ഞെടുക്കുന്നതിനുള്ള നടപടിക്രമങ്ങളിലേക്ക് നമ്മൾ പ്രവേശിച്ചിരിക്കുകയാണല്ലോ. അതീവ ഗൗരവത്തോടും ഭയഭക്തിയോടും പ്രാർത്ഥനയോടും നടത്തേണ്ട എപ്പിസ്കോപ്പൽ തെരഞ്ഞെടുപ്പ് ഭംഗിയായി പൂർത്തീകരിക്കുന്നതിന് സഭാംഗങ്ങൾ എല്ലാവരും മുട്ടിപ്പായി പ്രാർത്ഥിക്കണം. **സഭാദിനമായ ഡിസംബർ 21-ാം തീയതി നമ്മുടെ എല്ലാ ഇടവകകളിലും പ്രാർത്ഥനാ ദിനമായി വേർതിരിച്ച് മദ്ധ്യസ്ഥ പ്രാർത്ഥനയോ/പ്രാർത്ഥനാ ശൃംഖലയോ ക്രമീകരിക്കണം.** പട്ടക്കാർ അതിനുവേണ്ട നേതൃത്വം നല്കണം. അന്നേദിവസം വൈകിട്ട് എല്ലാ ഭവനങ്ങളിലും കുടുംബ പ്രാർത്ഥനാ മദ്ധ്യേ നമ്മുടെ സഭയെയും, സഭയുടെ എല്ലാ പ്രവർത്തനങ്ങളെയും പ്രവർത്തകരെയും ഓർത്തു പ്രാർത്ഥിക്കണം.

സഭാ ദിനത്തിൽ ആരാധനമദ്ധ്യേ ലഭിക്കുന്ന സ്തോത്രകാഴ്ച സഭയുടെ സെന്റ് തോമസ് എപ്പിസ്ക്കോപ്പൽ ഫണ്ടിലേക്ക് വേർതിരിച്ചിട്ടുള്ളതാകയാൽ, ആയത് താമസംവിനാ സഭാ ഓഫീസിലേക്ക് അയച്ചു തരേണ്ടതാണ്.

സഭയുടെ പൗരാണിക തനിമയും നവീകരണ ദർശനവും ഉൾക്കൊണ്ട് ദൗത്യ മേഖലയിൽ പുത്തൻ ഉണർവോടെ പ്രവർത്തിക്കുവാൻ പരിശുദ്ധാത്മാവ് നമ്മുടെ സഭയെ ശക്തീകരിക്കട്ടെ.

കൃപ നിങ്ങളോട് ഏവരോടുംകൂടെ ഇരിക്കുമാറാകട്ടെ

2022 നവംബർ മാസം 28-ാം തീയതി തിരുവല്ലാ പൂലാത്തീനിൽ നിന്നും

**ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ**